12 ബെഡ്ഡുകൾ ക്ഷയരോഗികളെ കിടത്തി ചികിൽസിക്കത്തക്കവണ്ണം ഉണ്ട്. അതിനുപുറമേ പണ്ടത്തെപ്പോലെയല്ല വീട്ടിൽതന്നെ ചികിൽസിക്കാനുള്ള സൗകര്യം ഇപ്പോഴുണ്ട്. താലൂക്കാശുപത്രികളിലൊക്കെ ചികിൽസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. സി. ജോസഫ്: നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ക്ഷയരോഗാശുപത്രി പുലയനാർകോട്ടയിൽ പാങ്കിമാവിൻ തോട്ടത്തിലാണെന്നും പറങ്കിമാങ്ങ ഈ രോഗത്തിനെതിരാണെന്നും, ധാരാളം പറങ്കിമാങ്ങ ഈ രോഗികൾ ഭക്ഷിക്കുന്നതുകൊണ്ടു രോഗം വർദ്ധിക്കുന്നു എന്നും മനസ്സിലാക്കിക്കൊണ്ട് രോഗികൾ ഈ പറങ്കിമാങ്ങ ഭക്ഷിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി പ്രഭാകരൻ: അങ്ങനെ ഒരു കാര്യത്തെ സംബന്ധിച്ച് വിദഗ്ദ്ധൻമാരൊന്നും അഭിപ്രായപ്പെട്ടതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ അഭിപ്രായപ്പെടുകയാണെങ്കിൽ തീർച്ചയായും പരിശോധിക്കാം. മൂന്നു ക്ഷയരോഗാശുപത്രികളിൽവച്ചു ഏറ്റവും കൂടുതൽ സൗകര്യമുള്ള ആശുപത്രിയാണ് പുലയനാർകോട്ടയിലുള്ളത്.

ശ്രീ. എ. വി. താമരാക്ഷൻ: ക്ഷയരോഗാശുപത്രികളിൽ അഡ്മിറ്റു ചെയ്യുന്ന രോഗികളുടെ ആഹാരക്രമം മറ്റാശുപത്രികളിലെ രോഗികൾക്കുള്ളതിൽനിന്നും വ്യത്യസ്തമായിട്ടുള്ളതാണോ; ക്ഷയരോഗം പെട്ടെന്നു മാറത്തക്കവണ്ണം പോഷകമൂല്യമുള്ള ആഹാരസാധനങ്ങളായ ഇറച്ചിയും മുട്ടയും കൊടുക്കാൻ തയ്യാറാവുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മറ്റു ആശുപത്രികളിൽനിന്നും വ്യത്യസ്തമായി നല്ല ആഹാരക്രമമാണ് ക്ഷയരോഗികൾക്കുള്ളത്. മറ്റു പലയിടത്തും ഉള്ളതുപോലെ ക്ഷയരോഗികളുടെ ഭക്ഷണത്തെ സംബന്ധിച്ചു കാര്യമായ പരാതിയൊന്നും രോഗികൾക്കുള്ളതായി കേട്ടിട്ടില്ല. കൊടുക്കുന്ന ഭക്ഷണത്തിന്റെ ലിസ്റ്റ് വേണമെങ്കിൽ ഞാൻ വായിക്കാം.

മി. സ്പീക്കർ: വേണ്ട.

ശ്രീ. പിണറായി വിജയൻ: മറ്റുസംസ്ഥാനങ്ങളിൽകിട്ടുന്ന ഭക്ഷണവും മരുന്നും ഇവിടത്തെ ക്ഷയരോഗാശുപത്രികളിൽനിന്നും, ക്ഷയരോഗികൾക്ക് കിട്ടുന്നില്ലെന്ന് അവിടെനിന്നും വന്ന രോഗികൾ പറയുന്നുണ്ട്. ഉദാഹരണത്തിന് പോണ്ടിച്ചേരി. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടത്തെ ആഹാരം മെച്ചപ്പെട്ടതല്ലെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ ഒരു താരതമ്യപഠനം നടത്തിയതായി ഫയലിൽ കാണുന്നില്ല. അങ്ങനെ ഉണ്ടെങ്കിൽ അന്വേഷിക്കാം.

(667, 668, 669) എന്നീ ചോദ്യങ്ങൾ ചോദിച്ചില്ല.

ഫിഷറീസ് വെൽഫയർ ബോർഡിന്റെ പ്രവർത്തനങ്ങൾ

*622 [670] ശ്രീ. എം. പി. ഗംഗാധരൻ:

,, വക്കം പുരുഷോത്തമൻ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, പി. ആർ. കുറുപ്പ്:

,, പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എ) ഫിഷറീസ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് പറയുമോ;

(സി) പ്രസ്തുത ബോർഡുവഴി ബോട്ടുകൾ വിതരണം ചെയ്തു തുടങ്ങിയോ;

(ഡി) എങ്കിൽ എത്ര ബോട്ടുകൾ വിതരണം ചെയ്തു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ)

(എ) അങ്ങനെയൊരു സ്ഥാപനം നിലവിലില്ല. കേരള ഫിഷർമെൻസ് വെൽഫെയർ കോർപ്പറേഷൻ എന്നൊരു സ്ഥാപനം നിലവിലുണ്ട്. പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

(ബി) (1) മൽസ്യത്തൊഴിലാളി ദുരിതാശ്വാസ നിധിയിൽനിന്നും അർഹരായവർക്ക് സഹായ ധനം നൽകുക

(2) മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക.

(3) വള്ളവും വലയും വാങ്ങാൻ ബാങ്കുകൾ വഴി ധനസഹായം നേടിക്കൊടുക്കുക.

(4) തലച്ചുമടായും സൈക്കിൾച്ചുമടായും മൽസ്യവിപണനത്തിലേർപ്പെട്ടിട്ടുള്ള മൽസ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുക, തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി, ഡി) യന്ത്രവൽക്കൃതബോട്ടുകൾ വിതരണം ചെയ്യാൻ കോർപ്പറേഷനു പരിപാടിയില്ല. പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള പരിപാടികൾ മാത്രമേ കോർപ്പറേഷന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നുള്ളൂ.

ശ്രീ. പി. ആർ. കുറുപ്പ്: എത്ര വീടുകൾ നിർമ്മിച്ചുകൊടുത്തു എന്നു വ്യക്തമാക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: വീടുകൾക്ക് കഴിഞ്ഞ രണ്ടുമൂന്നു മാസം മുമ്പാണ് സ്ഥലം വിതരണം ചെയ്തത്. സ്ഥലം വിതരണം ചെയ്തിട്ടേയുള്ളൂ, വീടുകൾ നിർമ്മിച്ചിട്ടില്ല. ഗവൺമെന്റിന് ഒരു സ്കീമുള്ളതാണ്, പതിനായിരം വീടുകൾ നിർമ്മിക്കാനുള്ളതാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ കോർപ്പറേഷനിൽ മൽസ്യത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ ആരെങ്കിലുമുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: ഈ കോർപ്പറേഷനിൽ മൽസ്യത്തൊഴിലാളികളുടെ പ്രതിനിധികളെ ഉൾപ്പെടുത്താവുന്നതാണ്.

ശ്രീ. പി. കരുണാകരൻ: തെരഞ്ഞെടുക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും അംഗീകരിച്ച് അപേക്ഷ നൽകിയ പല മൽസ്യത്തൊഴിലാളികളേയും പഞ്ചായത്തുകളെത്തന്നെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ ചില പഞ്ചായത്തുകൾ വീട്ടുപോയിട്ടുണ്ട്. അങ്ങനെ ഉൾപ്പെടുത്താതിരിക്കുന്നതിന് വല്ല പ്രത്യേക കാരണവുമുണ്ടോ? ഉദാഹരണത്തിന് ചെറുവത്തൂർ, പടന്ന പഞ്ചായത്തുകൾ.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: കൽപ്പിച്ചുകൂട്ടി ആരെങ്കിലും ഉൾപ്പെടുത്താതിരുന്നതായി അറിഞ്ഞുകൂടാ. ഏതെങ്കിലും പഞ്ചായത്തുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. ഇ. നാരായണൻ നായർ: ലോൺ കൊടുക്കുന്നതിന് അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: വീട് ആവശ്യമുള്ളവരായിരിക്കണം. മൽസ്യത്തൊഴിലാളികളുമായിരിക്കണം.

ശ്രീ. പിണറായി വിജയൻ: മൽസ്യത്തൊഴിലാളികളുടെ പ്രശ്നം സംബന്ധിച്ച ശുപാർശ സമർപ്പിക്കുന്നതിന് ഫിഷറീസ് അഡ്വൈസറി ബോർഡാണ് നിലവിലുള്ളത്. ആ ബോർഡിന്റെ യോഗങ്ങളും യഥാസമയം നടക്കുന്നില്ലെന്നുള്ളത് പരിഗണിച്ച് അതാതു സമയത്തുതന്നെ നടത്താനും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതും ഇതുമായി ബന്ധമില്ല, യോഗങ്ങളും നടക്കാറുണ്ടെന്നാണ് ഗവൺമെന്റിന്റെ അറിവ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ഫിഷറീസ് കോർപ്പറേഷന്റെ ഗുണം കായലോര മൽസ്യത്തൊഴിലാളികൾക്ക് കിട്ടുന്നില്ലെന്നുള്ളതു പരിഗണിച്ച് അവർക്കുകൂടി ഈ ഗുണം കിട്ടത്തക്ക രീതിയിൽ പദ്ധതി ആവിഷ്കരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: അത് ആലോചിച്ചേ പറയാൻ കഴിയുകയുള്ളു.

ശ്രീ. വി. കെ. രാജൻ: ഫിഷറീസ് കോർപ്പറേഷൻ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് സാധാരണക്കാർക്ക് ഗ്രാന്റു നൽകുന്ന പദ്ധതി പൂർണമായി നിറുത്തലാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: വെൽഫെയർ കോർപ്പറേഷന്റെ പദ്ധതി മറ്റു പദ്ധതികളെ ബാധിക്കുകയില്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: വ്യക്തികൾക്കു വായ്പ നൽകുന്നതിനുപുറമേ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു കോളനി കൂടി നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഈ വർഷംതന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഫിഷറീസ് കോർപ്പറേഷന് ഈ ഒരു പദ്ധതിമാത്രമേയുള്ളു. മറ്റു പദ്ധതികളെക്കുറിച്ച് പിന്നീട് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സി. വാമദേവൻ: ഫിഷറീസ് കോർപ്പറേഷന്റെ ബോർഡിൽ ആരെല്ലാമാണ് അംഗങ്ങൾ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോൾ ഉദ്യോഗസ്ഥൻമാരെ മാത്രമേ അംഗങ്ങളായിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: വീടുകൾ നൽകുന്നതിനെക്കുറിച്ച് വളരെയേറെ പരാതികളുണ്ട്. ഒരു പ്രത്യേക വിഭാഗത്തിനുമാത്രമേ വീടുകൾ നൽകുന്നുള്ളു എന്നുള്ള പരാതിയെക്കുറിച്ചന്വേഷണം നടത്താൻ നടപടിയെടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഒരു പ്രത്യേക വിഭാഗത്തിനുമാത്രമേ, (മൽസ്യത്തൊഴിലാളികൾക്കുമാത്രമേ) വീടുകൊടുക്കുന്നുള്ളു.

ശ്രീ. എം. വി. രാഘവൻ: മൽസ്യത്തൊഴിലാളികളുടെ ഇടയിൽതന്നെയുള്ള ഒരു പ്രത്യേക വിഭാഗം എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: അന്വേഷണം നടത്താൻ തക്ക അഴിമതി ഒന്നും അവിടെ നടന്നിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ഫിഷറീസ് ഡയറക്ടർ അഡീഷണൽ, ഫിനാൻസ് സെക്രട്ടറി, ഡെവലപ്പ്മെൻറ് സെക്രട്ടറി തുടങ്ങി വളരെയേറെ ജോലിത്തിരക്കുള്ള ഉദ്യോഗസ്ഥൻമാർ മാത്രമുള്ള ബോഡിയാണ് ഫിഷറീസ് വെൽഫയർ കോർപ്പറേഷനിലുള്ളത് എന്നതുകൊണ്ട് അതിൻെറ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഉദാഹരണം, പതിനായിരം ഭവനനിർമ്മാണപദ്ധതി ഈ ബോർഡിൻെറ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നതരത്തിൽ തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോൾ ഉദ്യോഗസ്ഥൻമാർ മാത്രമേ ബോർഡിലുള്ളു. അനുദ്യോഗസ്ഥാംഗങ്ങളേയും ഒരു അനുദ്യോഗസ്ഥ ചെയർമാനേയുംകൂടി നിയമിക്കുന്ന കാര്യം ഗവൺമെൻറിൻെറ ആലോചനയിലുണ്ട്.

കുട്ടനാട്, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിലെ കർഷകരുടെ നിവേദനം

* 622 a [671] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

,, സേവ്യർ അറയ്ക്കൽ;

,, കെ. രാഘവൻ മാസ്റ്റർ:

,, വി. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാൻറ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ, കുട്ടനാട്, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പാക്കുന്ന സ്ഥിരം ബണ്ട് പദ്ധതിയനുസരിച്ച് ഒട്ടാകെ ചെലവു വരുന്ന സംഖ്യ കർഷകർ മടക്കി അടയ്ക്കണമെന്ന വ്യവസ്ഥ മാറ്റി പകരം വർഷംതോറും ഒരു ''സെസ്'' മാത്രം കർഷകർ നൽകിയാൽ മതിയെന്ന് നിശ്ചയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കർഷകരുടെ നിവേദനങ്ങൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യം ഗവൺമെൻറ് അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly